# കുടിയേറ്റത്തിന്റെ ദേശചരിത്രം: വികാസപരിണാമങ്ങൾ

**ഡോ. അർച്ചന എ. കെ.**
അസിസ്റ്റന്റ് പ്രൊഫസർ
സി. എം. എസ്. കോളേജ് കോട്ടയം

**പ്രബന്ധസംഗ്രഹം**

ഇടുക്കിയിലെ കുടിയേറ്റ ചരിത്രത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് തോട്ടം മേഖലയിലേക്കുള്ള കുടിയേറ്റം. തമിഴ്നാട്ടിൽ നിന്നും കോട്ടയം, പാലാ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും എസ്റ്റേറ്റിലെ പണികൾക്കായി ആളുകൾ ഇവിടേക്ക് കുടിയേറി. ഒരു പ്രദേശത്തിന്റെ സാംസ്കാരികഭൂമികയെ നിർണയിച്ചിരുന്നതും പ്രശസ്തവും ഇന്നിപ്പോൾ പ്രവർത്തനരഹിതവുയിട്ടുള്ള, ഉപ്പുതറ പഞ്ചായത്തിലെ പീരുമേട് ടീ-കമ്പനി ഉൾപ്പെടുന്ന കുടിയേറ്റ പ്രദേശമാണ് ഈ പഠനത്തിന്റെ വിഷയം ആവുന്നത്. തമിഴ്നാട്ടിൽ നിന്നുള്ള ജനവിഭാഗം ഏറെയും വന്നിരിക്കുന്നത് ഈ പ്രദേശത്ത് ആയതിനാൽ ഇവിടെ മലയാളവും തമിഴും ചേർന്ന ഭാഷാസാംസ്കാരികഭൂമികയാണുള്ളത്. തൊഴിലാളികളുടെ എല്ലാവിധ ആവശ്യങ്ങളും അവകാശങ്ങളും ഉൾപ്പെടുത്തി പ്രവർത്തിച്ചിരുന്ന പീരുമേട് ടീ-കമ്പനി ഉൾപ്പെടുന്ന എസ്റ്റേറ്റ് മേഖല എങ്ങനെയാണ് ഇന്ന് കാണുന്ന വിധത്തിൽ ക്ഷയോന്മുഖമായത് എന്നതിനെ സംബന്ധിച്ച അന്വേഷണവും അപരവൽക്കരിക്കപ്പെട്ട ജനതയുടെ ജീവിതവുമാണ് ഇവിടെ രേഖപ്പെടുത്തുന്നത്. ഉപ്പുതറയും ഏലപ്പാറയും ഇന്നു കാണുന്ന വികസിതമായ ഗ്രാമങ്ങളായി മാറിയതിലും എസ്റ്റേറ്റ് മേഖല നിർണായകമായ പങ്കു വഹിച്ചിരുന്നു.

**സൂത്രവാക്കുകൾ**

കുടിയേറ്റം, എസ്റ്റേറ്റ്, ലയങ്ങൾ, കങ്കാണി, വർഷത്താള്, വാരത്താള്, അണ, പീരുമേട് ടീ കമ്പനി, തൊഴിലാളി, പാട്ടക്കരാർ, ബംഗ്ലാവ്.

ഇടുക്കി ജില്ലയിലെ കുടിയേറ്റത്തിന് രാജഭരണ കാലത്തിനു വളരെ മുമ്പേ തുടങ്ങിയ ചരിത്രമുണ്ട്. ചേര, ചോള, പാണ്ഡ്യരാജാക്കന്മാരും കീഴ്മലൈനാട്, വെമ്പൊലിനാട്, നഞ്ഞൈനാട്, തെക്കുംകൂർ, വടക്കുംകൂർ, പൂഞ്ഞാർ, തിരുവിതാംകൂർ രാജാക്കന്മാർ തുടങ്ങിയവരെല്ലാം ഇവിടെ ഭരണം നടത്തി. മലഞ്ചെരുവുകളും കുന്നുകളും തിട്ടുകളും ഇടതൂർന്ന മരങ്ങളും ചേർന്ന ഭൂപ്രകൃതി വ്യത്യസ്തമായൊരു കാർഷികമേഖല ഒരുക്കി എടുക്കുന്നതിലും സഹായകമായി. പല ഘട്ടങ്ങളിൽ നടന്നിട്ടുള്ള കുടിയേറ്റങ്ങൾ പരിശോധിക്കുമ്പോഴും കൃഷിയുമായി അവയ്ക്കുള്ള ബന്ധങ്ങൾ അഭേദ്യമാണ്. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നടന്നിട്ടുള്ള കുടിയേറ്റങ്ങളാണ് ഇടുക്കിയെ സ്ഥിരമായ ജനവാസമേഖലയാക്കി മാറ്റിയത്. കാട്ടുമൃഗങ്ങളോടു പോരടിച്ചും നൂതന വിള ഉൽപ്പന്നങ്ങൾ കൃഷി ചെയ്ത് ഇടുക്കിയെ കാർഷികമേഖലയാക്കി മാറ്റിയതിൽ ഈ കുടിയേറ്റങ്ങൾക്കു വളരെ നിർണായകമായ പങ്കുണ്ട്. ക്രി. പി. 13-15 നൂറ്റാണ്ടുകൾക്കിടയിലാണ് ഇടുക്കിയിലെ ആദിവാസി ജീവിതം ആരംഭിക്കുന്നതെന്ന് കാഞ്ചിയാര് രാജൻ അഭിപ്രായപ്പെടുന്നു (2000: 16). ഗോത്രജനത അധിവസിച്ചിരുന്ന അയ്യപ്പൻകോവിലും മറയൂരും കട്ടപ്പനയും സ്വരാജ് ഉൾപ്പെടുന്ന മേഖലകളുമാണ് ആദ്യഘട്ട കുടിയേറ്റ ചരിത്രത്തിലിടം പിടിച്ചിരിക്കുന്നത്. 'ഇടുക്കി ജില്ലയിലെ ആദ്യ കുടിയേറ്റക്കാർ ഗോത്ര വിഭാഗത്തിൽ പെടുന്ന മന്നാൻ, മുതുവാൻ, പളിയൻ, ഊരാളി, മലയരയൻ, മലപ്പുലയൻ, ഉള്ളാടൻ, മലമ്പണ്ടാരം തുടങ്ങിയവരാണ്'' (മനോജ് മാതിരപ്പള്ളി, 2017: 33). ഗോത്രകുടിയേറ്റത്തിന്റെ ഘട്ടം കഴിഞ്ഞാൽ വിപുലമായൊരു കുടിയേറ്റ ചരിത്രം രേഖപ്പെടുത്താവുന്നത് ഇടുക്കിയിലേക്ക് വന്ന ഇംഗ്ലീഷുകാരും അവരുടെ സഹായത്തിനായി തമിഴ്നാട്ടിൽ നിന്നും ഇതര പ്രദേശങ്ങളിൽ നിന്നും വന്ന പണിയാളുകളും സ്ഥിരവാസമുറപ്പിച്ചു തുടങ്ങിയതു മുതൽക്കാണ്. 1910-നു ശേഷമാണ് കോട്ടയം, പാല, ചങ്ങനാശ്ശേരി മുതലായ പ്രദേശങ്ങളിൽ നിന്നും കൃഷിക്കാരുടെ മറ്റൊരു വിഭാഗം കുടിയേറിയത്. അവസാനഘട്ടത്തിൽ നടന്നിട്ടുള്ള ഈയൊരു കുടിയേറ്റമാണ് ഇടുക്കിയിൽ നടന്നിട്ടുള്ള ആധുനികമായ കുടിയേറ്റം. ഇവരുടെ തലമുറകളാണ് ഇന്നും ഇടുക്കി

യിൽ സ്ഥിരതാമസം ഉറപ്പിച്ചിരിക്കുന്നത്. ആദ്യഘട്ടങ്ങളിൽ ഇങ്ങനെ കുടിയേറിയവരിൽ ഒരു വിഭാഗവും തോട്ടം മേഖലയിലെ ഓഫീസ് സംബന്ധമായ ജോലികളിലാണ് പ്രവേശിച്ചിരുന്നത്. പിന്നീട് എസ്റ്റേറ്റുകൾ പൂട്ടിയപ്പോൾ ഇടുക്കിയുടെ വിപുലമായ മറ്റു കാർഷികമേഖലകളിലിവർ വ്യാപൃതരായി.

വെമ്പൊലി നാട് (കിഴക്ക് പശ്ചിമഘട്ടവും തെക്ക് നന്ത്രൈ നാട്ടും പടിഞ്ഞാറ് വേമ്പനാട്ടു കായലും വടക്ക് കൽക്കരൈനാട്ടും കീഴ്മലൈനാട്ടും ചെങ്ങമനാട് ദേവസ്വവുമായിരുന്ന വെമ്പൊലി നാടിന്റെ അതിർത്തികൾ) പിളർന്ന് ഉണ്ടായതാണ് വടക്കുംകൂറും തെക്കൻ കൂറും. പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടി ഇടുക്കി ജില്ലയുടെ ഭൂരിഭാഗം ഭാഗവും തെക്കുംകൂർ രാജാക്കന്മാരുടെ അധീനതയിലായിരുന്നു (ശിവശങ്കരൻ നായർ, കെ. 2006. 187). ചെങ്ങമനാട് നാട്ടും (മൂന്നാർ, ദേവികുളം, അടിമാലി) കീഴ്മലൈ നാട്ടും (തൊടുപുഴ) ഇവർ ഭരണം നടത്തി വന്നു. മധുര ആസ്ഥാനമായി ഭരണം നടത്തിവന്ന ചിരായു വർമ്മൻ എന്നറിയപ്പെടുന്ന മാനവ വിക്രമ കുലശേഖര പെരുമാൾ എന്ന പാണ്ഡ്യരാജാവ് തെക്കുംകൂർ രാജാവിൽ നിന്ന് ഭൂമിയുടെ അവകാശങ്ങൾ വാങ്ങുകയും 1160 - ൽ പൂഞ്ഞാർ രാജവംശം സ്ഥാപിക്കുകയും ചെയ്തു (രാമവർമ്മ വലിയരാജ പി. ആർ. 1988. പുറം.1). പീരുമേടിന്റെ ചരിത്രത്തിൽ പാണ്ഡ്യരാജാവായ മാനവിക്രമ കുലശേഖര പെരുമാളിനു വലിയ പങ്കുണ്ട്. അദ്ദേഹം കുടുംബസമേതം തെക്കുംകൂറിൽ താമസമാക്കുകയും എല്ലാവിധ രാജ്യാവകാശങ്ങളും നേടി അഭിഷേകം ചെയ്ത് തെക്കുംകൂറിലെ രാജാവാകുകയും ചെയ്തു. പതിനഞ്ചാം നൂറ്റാണ്ട് ആകുമ്പോഴേക്കും ഇന്നത്തെ പീരുമേട് മുതൽ ദേവികുളം വരെയുള്ള ഹൈറേഞ്ച് ഭാഗങ്ങൾ പൂഞ്ഞാർ വലിയ രാജ എന്നറിയപ്പെടുന്ന കുലശേഖര പെരുമാൾ സ്വന്തമാക്കി. തെക്കുംകൂറും വടക്കുംകൂറും മാർത്താണ്ഡവർമ്മ പിടിച്ചടക്കിയതിനു തൊട്ടുപിന്നാലെ പൂഞ്ഞാർ പ്രിൻസിപ്പാലിറ്റിയും തിരുവിതാംകൂറിനോടു ചേർന്നു (1749-50). പിന്നീട് ഈ പ്രദേശങ്ങളുടെയെല്ലാം ചരിത്രം തിരുവിതാംകൂറിന്റെ ഭാഗമായിട്ട് കണക്കാക്കുന്നു. കേരള സംസ്ഥാനം റവന്യൂ ജില്ലകളായി രൂപപ്പെടുന്നതിനു മുമ്പ് ഭരണപരമായ നാലു ഡിവിഷനുകളായിട്ടായിരുന്നു. കോട്ടയം ആസ്ഥാനമായുള്ള വടക്കൻ ഡിവിഷൻ,

കൊല്ലം ആസ്ഥാനമായുള്ള മധ്യ ഡിവിഷൻ, തിരുവനന്തപുരം ആസ്ഥാനമായുള്ള തെക്കൻ ഡിവിഷൻ, ദേവികുളം ഡിവിഷൻ, 1909 ലാണ് കോട്ടയം ഡിവിഷനിലെ സമീപ താലൂക്കുകളായ മൂന്നാർ, ദേവികുളത്തെ ചില പ്രദേശങ്ങൾ, അടിമാലി കൂടി ഉൾപ്പെടുത്തി ഹൈറേഞ്ച് ഡിവിഷൻ രൂപീകരിച്ചത്. 1931-1941 കാലഘട്ടത്തിൽ പഴയ ദേവികുളം ഉൾപ്പെടുന്ന ഡിവിഷനും പുതിയ ഹൈറേഞ്ച് ഡിവിഷനും സംയോജിപ്പിക്കപ്പെട്ട് ഹൈറേഞ്ച് ഡിവിഷൻ എന്നറിയപ്പെട്ടു തുടങ്ങി. 1956 ഒക്ടോബർ ഒന്നിന് ഉടുമ്പൻചോല താലൂക്ക്, ദേവികുളം താലൂക്ക് എന്നിവിടങ്ങളിൽ നിന്നും ഓരോ വില്ലേജ് ഉൾപ്പെടുത്തി കൊണ്ടാണ് പീരുമേട് താലൂക്ക് രൂപീകരിക്കുന്നത്. ഇന്നിപ്പോൾ പീരുമേട് താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശമാണ് ഉപ്പുതറ പഞ്ചായത്തും പീരുമേട് ടിഎസ്റ്റേറ്റ് ഉൾപ്പെടുന്ന മേഖലയും. ഇടുക്കിയിൽ വ്യവസായിക അടിസ്ഥാനത്തിൽ വിള ഉൽപ്പാദനത്തിന് തുടക്കം കുറിക്കുന്നത് ഇംഗ്ലീഷുകാരാണ്. കാപ്പി കൃഷിയാണ് ആദ്യം തുടങ്ങുന്നത്. പിന്നീട് തേയില, ഏലം തുടങ്ങിയവ വൻതോതിൽ ഉത്പാദിപ്പിച്ച് തുടങ്ങി. ഇന്ത്യയിൽ 1820-ൽ നോർത്ത് ഈസ്റ്റ് ആസാമിലാണ് തേയില കൃഷി ആദ്യം തുടങ്ങുന്നത്. 'ട്രാവൻകൂറിലെ ആദ്യത്തെ ടീ എസ്റ്റേറ്റ് എഫ്. എം. പാർക്കർ 1875-ൽ ആരംഭിച്ച പെഷ്വാറസ്റ്റ് എസ്റ്റേറ്റ് ആണ്'(Lovatt, Heather and De Jong, Peter. 1993: 56). സായിപ്പന്മാരുടെ മേൽനോട്ടത്തിൽ ഇടുക്കിയിൽ തേയില കൃഷിക്ക് സുവർണ്ണകാലഘട്ടമായിരുന്നു. എസ്റ്റേറ്റ് രൂപപ്പെടുന്നതിന് വളരെ മുമ്പ് 1800-കളിൽ തന്നെ വിദേശികൾ വരികയും തേയിലയുടെ സാധ്യതകൾ മനസ്സിലാക്കുകയും ചെയ്തിരുന്നു. പഠനത്തിൽ പ്രതിപാദിതമാവുന്ന ടീ എസ്റ്റേറ്റും ഒരു കാലഘട്ടത്തിൽ ഏറെ പ്രതാപത്തോടെ പ്രവർത്തിച്ചിരുന്നതാണ്. എസ്റ്റേറ്റും ഫാക്ടറിയും നാശോന്മുഖമായിട്ടും എസ്റ്റേറ്റ് മേഖലയിലെ സാമൂഹികത ഇന്നും നമ്മോട് ചില ചരിത്രങ്ങൾ പറയുന്നുണ്ട്.

കൊളോണിയൽ അധിനിവേശത്തിന്റെ ഫലമായി, തോട്ട/നാണ്യവിളകളുടെ ഉൽപാദനവും തൊഴിലാളികളുടെ ജീവിതക്രമവുമായി ബന്ധപ്പെട്ട് അധിനിവേശത്തിന്റെ പരമാധികാര വ്യവസ്ഥിതിയിൽ രൂപം കൊണ്ട സാംസ്കാരികചരിത്രവും ആണ് എസ്റ്റേറ്റ് മേഖലയ്ക്കുള്ളത്. സമീപത്തെ മറ്റു പ്രദേശങ്ങളിൽ നിന്ന്

വ്യത്യസ്തമായ ജീവിതസാഹചര്യവും ഭൗതികനിലയും ആയിരുന്നു ടീകമ്പനിയിലെ തൊഴിലാളികളുടേത്. കമ്പനി പൂട്ടുന്നതിനു മുമ്പും അതിനുശേഷവും എന്ന നിലയിൽ "തരം" തിരിക്കാവുന്ന രീതിയിലുള്ള ഒരു വ്യവസ്ഥപ്പെടൽ ഈ മേഖലയ്ക്കുണ്ടായിട്ടുണ്ട്. പീരുമേട് താലൂക്കിലെ ഉപ്പുതറ "പഞ്ചായത്ത്" "ഉപ്പുതറ" വില്ലേജിൽ ഉൾപ്പെടുന്നതും ഒരുകാലത്ത് ഏറെ പ്രതാപത്തോടെ പ്രവർത്തിച്ചിരുന്നതും "എന്നാൽ" "രണ്ടായിരാമാണ്ടിൽ" പൂട്ടിപ്പോയതുമായ 'പീരുമേട് ടീ - കമ്പനി' ഉൾപ്പെടുന്ന എസ്റ്റേറ്റ് പ്രദേശത്തെയാണ് ഇവിടെ പഠനവിധേയമാക്കുന്നത്. ചീന്തലാർ എസ്റ്റേറ്റ് (അരക്കപ്പൽ വലിപ്പത്തിലുള്ള ഫാക്ടറിയായിട്ടാണ് ഈ ഫാക്ടറി അറിയപ്പെട്ടിരുന്നത്), പീർമേട് ടി- എസ്റ്റേറ്റ് (മുക്കാൽ കപ്പൽ വലുപ്പത്തിലുള്ള കേരളത്തിലെ ഏറ്റവും വലിയ ഫാക്ടറിയാണിത്) എന്നീ രണ്ട് എസ്റ്റേറ്റുകൾ കൂടി ചേർന്നതാണ് 'പീരുമേട് ടീ കമ്പനി'. 1914- ൽ ആദ്യം രജിസ്റ്റർ ചെയ്തിരുന്നത് ആസ്പിൻവാൾ കമ്പനിയുടെ ഉടമസ്ഥതയിലാണ്. കൊച്ചിയായിരുന്നു കമ്പനിയുടെ ആസ്ഥാനം. ബ്രിട്ടീഷുകാർ തിരുവിതാംകൂർ രാജവംശത്തിനു കമ്പനി കൈമാറിയതിനു ശേഷം ട്രാവൻകൂർ റബ്ബർ & ടി കമ്പനി ലിമിറ്റഡ് എന്ന പേരിലാണ് കമ്പനി അറിയപ്പെട്ടിരുന്നത്. ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മയുടെ കൊട്ടാരം ഉദ്യോഗസ്ഥനായിരുന്ന വീരമണി ശർമ്മ ഉടമസ്ഥതയിലായതിനു ശേഷമാണ് പീരുമേട് ടീ എസ്റ്റേറ്റും ചീന്തലാർ ടീ എസ്റ്റേറ്റും സംയോജിപ്പിച്ച് 'പീരുമേട് ടീ-കമ്പനി' എന്ന പേരിൽ 1938 സെപ്റ്റംബർ 10 ന് എറണാകുളത്ത് രജിസ്റ്റർ ചെയ്തത്. ഇന്നിപ്പോൾ അദ്ദേഹത്തിന്റെ കൊച്ചുമകൻ ശ്രീരാമകൃഷ്ണ ശർമയാണ് കമ്പനിയുടെ ഡയറക്ടർ. 1976 ന് ശേഷമാണ് തൊഴിലാളിസംഘടനകളും മാനേജ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉടലെടുത്തു തുടങ്ങിയത്. 2000-മാണ്ട് ആയപ്പോഴേക്കും തൊഴിലാളി സംഘർഷങ്ങൾ എസ്റ്റേറ്റ് സമ്പൂർണ്ണമായി പൂട്ടുന്നതിലേക്ക് എത്തിച്ചു. ഇന്നത്തെ അവസ്ഥയ്ക്ക് സംജാതമായ പല കാരണങ്ങൾ തൊഴിലാളികൾ മുന്നോട്ട് വെക്കുന്നുണ്ട്. 5000 ഏക്കറോളം വരുന്ന സ്ഥലത്ത് വ്യാപിച്ചിരിക്കുന്ന എസ്റ്റേറ്റ് മേഖല ഒരു കാലഘട്ടത്തിൽ പരിസരപ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു സാമൂഹിക/ സാംസ്കാരിക ചിട്ടവട്ടത്തിനുള്ളിലാ

ണ് പ്രവർത്തിച്ചിരുന്നതെന്ന് എസ്റ്റേറ്റ് നിവാസികൾ അഭിപ്രായപ്പെടുന്നു.

ഉപ്പുതറ പഞ്ചായത്തിലെ 6, 7, 11, 12, 15 വാർഡുകളിലായിട്ടാണ് പീരുമേട് ടീ-എസ്റ്റേറ്റ് നിലകൊള്ളുന്നത്. ബ്രിട്ടീഷ് പ്ലാന്റർമാർ ഉപ്പുതറയുടെ അടുത്ത ഭാഗങ്ങളിലായി ചെറിയ രീതിയിൽ ആരംഭിച്ച തേയിലകൃഷി പിന്നീട് പരിസരപ്രദേശങ്ങളിലേയ്ക്കും വ്യാപിക്കുകയും വൻ രീതിയിൽ കൃഷി ചെയ്യപ്പെടുകയും ചെയ്തു. 1928-കളിലാണ് തേയില ഫാക്ടറികൾ ഇവിടെ സ്ഥാപിതമാകുന്നത്. ഫാക്ടറി സ്ഥാപിക്കുകയും വളരെ അടുക്കും ചിട്ടയുമുള്ള ഭരണക്രമീകരണം രൂപപ്പെടുത്തിയെടുക്കുവാനും തൊഴിലാളികളെ കമ്പനിയുടെ ലക്ഷ്യത്തിനനുസൃതമായ രീതിയിൽ ക്രമപ്പെടുത്തുവാനും അന്നത്തെ സായിപ്പുമാർക്ക് കഴിഞ്ഞു. എസ്റ്റേറ്റിന്റെ എല്ലാ മേഖലകളിലും ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും ഡിവിഷൻ 1, 2, 3, 4, ലോൺട്രി (ഒറ്റമരം) എന്നിങ്ങനെ എസ്റ്റേറ്റിനെ ഡിവിഷനുകളായി തിരിച്ചു കൊണ്ട് തൊഴിൽഘടനയെ ചിട്ടപ്പെടുത്തുകയും ചെയ്തു. ഈ ഡിവിഷനുകളിലെല്ലാം പണിയെടുത്തിരുന്ന തൊഴിലാളികളെ നിയന്ത്രിച്ചിരുന്നത് കങ്കാണികളാണ്. ഓരോ തൊഴിലാളിയും ഓരോ കങ്കാണിയുടെ കീഴിലാണ് ജോലി ചെയ്തിരുന്നത്. കങ്കാണിമാരാണ് അന്യദേശങ്ങളിൽ നിന്നു തൊഴിലാളികളെ ജോലിക്കായി ഇവിടേക്ക് കൊണ്ടുവന്നിരുന്നത്.

**ഉപജീവനം/ അതിജീവനം**

ഒരു കാലഘട്ടത്തിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എസ്റ്റേറ്റും എല്ലാവിധ തൊഴിൽ ആനുകൂല്യങ്ങളോടെയും ജീവിതം നയിച്ചിരുന്ന തൊഴിലാളികളും എസ്റ്റേറ്റ് പൂട്ടിയതോടെ തങ്ങളുടെ ദേശത്ത് നിന്നുതന്നെ വിട്ടു പോകേണ്ടിവന്നു. എസ്റ്റേറ്റ് ഫാക്ടറി നാട്ടുകാരിൽ ചിലർ കൊള്ളയടിക്കുകയും ഉപകരണങ്ങളും ജനലുകളും വാതിലുകളും മറ്റു ഫർണിച്ചറുകളും പൊളിച്ചു നീക്കുകയും ചെയ്തു. ബാക്കി ഭാഗങ്ങൾ അധികം താമസിക്കാതെ നിലം പൊത്തുന്ന അവസ്ഥയിലൊരു ചരിത്രസ്മാരകം പോലെ നിലകൊള്ളുന്നു. 2007 കാലഘട്ടത്തിൽ തൊഴിലാളി സംഘടനകൾ ഇടപെട്ട് നിലവിൽ എസ്റ്റേറ്റിലെ താമസക്കാരായ വർഷത്താളായ തൊഴിലാളികൾക്ക് ഏരിയ തിരിച്ച് 1200-1500 മൂട്

തേയിലചെടികൾ വീതം നൽകുകയും അതിൽ നിന്ന് ഇലകൾ നുള്ളി ഉപജീവനം നടത്തുകയും ചെയ്യാം എന്ന അവകാശം നേടിയെടുത്തു. ഇന്നും അവിടെയുള്ളവരിൽ കുറേ പേരുടെ വരുമാന മാർഗ്ഗം ഇതാണ്. ഏജന്റുമാർക്ക് തേയിലയില വിൽക്കുന്ന തൊഴിലാളിക്ക് കിലോയ്ക്ക് ഏഴു രൂപ ലഭിക്കുമ്പോൾ 13 രൂപയ്ക്കാണ് ഏജന്റുമാർ പുറത്ത് തേയില ഇലകൾ വിൽക്കുന്നത്. ഇങ്ങനെ തേയില ഇലകൾ നുള്ളി എടുക്കുന്ന സമയത്തും കൃത്യമായ വളപ്രയോഗങ്ങളും കളനാശിനികളും അടിക്കാത്തതിനാൽ മിക്ക ഭാഗങ്ങളിലും പാഴ്മരങ്ങളും കളകളും വളർന്നു പൊങ്ങി അവയിൽ ഭൂരിഭാഗം ചെടികളും നശിച്ചുപോകുന്ന അവസ്ഥയും ഉണ്ടാകുന്നു. കാട്ടുപന്നി, പാമ്പ് തുടങ്ങിയവയുടെ അധിവാസകേന്ദ്രങ്ങളാണ് ഇന്നീ എസ്റ്റേറ്റുകൾ. “വാരത്താളായ” തൊഴിലാളികളികൾക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളും ലഭ്യമല്ലാത്തതിനാൽ അവർ മറ്റു ജോലികൾ ചെയ്ത് ഇന്ന് ഉപജീവനം നടത്തുന്നു. ഒരു സുപ്രഭാതത്തിൽ കമ്പനി അടച്ചുപൂട്ടി പോയപ്പോൾ “വർഷത്താളായ” ചിലരുടെ ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടു. 10 വർഷത്തെ സ്ഥിരജോലിക്കാർക്കു പെൻഷൻ ലഭിക്കുമെങ്കിലും പലരും ഒമ്പതും ഒമ്പതര വർഷവും എത്തിനിൽക്കുന്നതായിരുന്നു അവസ്ഥ. എസ്റ്റേറ്റിലെ റോഡ് ഇന്ന് നല്ല രീതിയിൽ പുതുക്കിപ്പണിതിട്ടുണ്ടെങ്കിലും അവശ്യവസ്തുക്കൾ വാങ്ങാൻ തൊഴിലാളികൾക്ക് 13 കിലോമീറ്റർ ദൂരെയുള്ള ഉപ്പുതറയിലോ ഏലപ്പാറയിലോ പോകണം. ഒന്നോ രണ്ടോ ബസ്സുകൾ മാത്രമാണ് ഇന്നും ഈ മേഖലയിൽ ഓടുന്നത്. ചുറ്റുവട്ടത്തെ മറ്റു പ്രദേശങ്ങളിൽ നിന്നെല്ലാം അപരവത്കരിക്കപ്പെട്ട ഒരു സ്ഥലഭൂമികയിൽ ശേഷിക്കുന്നവർ അവരുടെ നല്ല കാലം തിരികെ വരുമെന്ന് പ്രത്യാശിക്കുന്നു.

**സാമൂഹികത**

എസ്റ്റേറ്റിലെ തൊഴിലാളികൾ താമസിച്ചിരുന്ന സങ്കേതങ്ങൾ അറിയപ്പെട്ടിരുന്നത് “ലയങ്ങൾ” എന്നാണ്. പീരുമേട് ടീ -കമ്പനിയിൽ എട്ട് ലയങ്ങളാണുണ്ടായിരുന്നത്. ചിട്ടപ്പുര ലയം, വെള്ളൻ കങ്കാണി ലയം, ഏഴുമുറി ലയം, ആശുപത്രി ലയം, മുരുകൻ കങ്കാണി ലയം, തേവർ ലയം, ശാന്തപ്പൻ കങ്കാണി

ലയം, മേട്ടു ലയം എന്നിവ. ഇതിൽ തേവർ ലയത്തിൽ മാത്രം മേൽ ജാതിഗണമെന്ന വ്യവസ്ഥയിൽ പ്രസ്തുത ജാതിയിലു ള്ള ആളുകൾ മാത്രമാണ് താമസിച്ചിരുന്നത്. മറ്റു ലയങ്ങളിൽ ജാതി, വർഗ്ഗവ്യത്യാസങ്ങളില്ലാതെ തൊഴിലാളികൾ ഒന്നിച്ചു പാർത്തു. തമിഴ്നാട്ടിൽ നിന്നുവന്ന തൊഴിലാളികൾ ഏറെ ഉണ്ടായിരുന്നതുകൊണ്ട് തമിഴ് രീതിയിലുള്ള ഒരു സംസ്കാര വും ഇവിടെ രൂപംകൊണ്ടിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്ത് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ കമ്പ നികൾ തൊഴിലാളികളെ ക്രമപ്പെട്ട ജീവിതം കെട്ടിപ്പടുക്കുന്ന തിൽ ഏറെ സഹായിച്ചിരുന്നു. കൃത്യമായ ഭരണസംവിധാനം ഇതിനായി രൂപവൽക്കരിച്ചിരുന്നു. എല്ലാ തൊഴിലാളികളും സമയക്രമത്തെക്കുറിച്ച് ബോധ്യമുള്ളവരും തൊഴിലിൽനിഷ്ഠയു ള്ളവരും ആയിരുന്നു. തൊഴിൽ സമയത്തിനനുസൃതമായി മുഴങ്ങു ന്ന സൈറൺ എസ്റ്റേറ്റിൽ സ്ഥാപിച്ചിരുന്നു. ചുറ്റുവട്ടത്തുള്ളവർ സൈറൺ മുഴങ്ങുന്നത് കേൾക്കുമ്പോൾ "എസ്റ്റേറ്റിലെ കൊമ്പൂ തി"എന്നായിരുന്നു പറഞ്ഞിരുന്നത്. ഫാക്ടറി സമയക്രമവുമായി കൃത്യമായി സൈറൺ ബന്ധിപ്പിക്കപ്പെട്ടിരുന്നു. "എട്ടുമണിക്ക് കൊമ്പൂതുമ്പോൾ എല്ലാവരും പണിക്കിറങ്ങണം". ഒരുമണിക്ക് ഉച്ച ഭക്ഷണത്തിനുള്ളതും രണ്ടുമണിക്ക് ഉച്ചകഴിഞ്ഞുള്ള ജോലി സമയത്തെയും ബോധ്യപ്പെടുത്തുന്നു. "അഞ്ചുമണിക്ക് തൊഴിൽ നിർത്താനുള്ള കൊമ്പൂതും". 1950 കാലഘട്ടത്തിൽ ഇവിടുത്തെ വ്യാഴാഴ്ച ചന്ത വളരെ പ്രാധാന്യമുള്ള ഒന്നായിരുന്നു. ഉപ്പുതറയിൽ നിന്നു പോലും ആളുകൾ തങ്ങളുടെ കൃഷിയിടത്തിൽ ഉണ്ടാകുന്ന ഉൽപന്നങ്ങൾ വിറ്റിരുന്ന വലിയൊരു മാർക്കറ്റും പത്തേക്കർ, പുതുക്കട ഭാഗത്തു പ്രവർത്തിച്ചിരുന്നു. തമിഴ്നാട്ടിൽ നിന്നും വലിയ ലോറിയിൽ സാധനങ്ങൾ കൊണ്ടുവന്ന് കച്ചവടം നട ത്തിയിരുന്ന "പണ്ഡിയാർ" എന്ന കച്ചവടക്കാരനെയും തടിക്ക ച്ചവടം നടത്തിയിരുന്ന "അങ്കുർ റാവത്തുർ" എന്ന വ്യക്തിയെ യും കുറിച്ചുള്ള അറിവുകൾ സെൽവമണി എന്ന തൊഴിലാളി പങ്കുവെച്ചു. സമീപപ്രദേശങ്ങളിലുള്ളവർ രേഖപ്പെടുത്തുന്നത് "അന്നേക്കാലത്ത് പുത്തൻ പണം കാണണമെങ്കിൽ വ്യാഴാഴ്ച ദിവസങ്ങളിൽ എസ്റ്റേറ്റ് ചെല്ലണം" എന്നാണ്. അന്നാണ് തൊ ഴിലാളികൾക്കു കൂലി കിട്ടുന്നത്. മിച്ചം/വീതം എന്നിങ്ങനെ ക്ര

മീകരിച്ചായിരുന്നു തൊഴിലാളികൾക്ക് കൂലി കൊടുത്തിരുന്നത്. 'മിച്ചം' ദിവസക്കൂലിയും 'വീതം' അധികമായി തൊഴിലാളി ചെയ്യുന്ന ജോലിക്ക് കൊടുത്തിരുന്ന കൂലിയുമാണ്. ഉപ്പുതറ പോലുള്ള സമീപപ്രദേശങ്ങളിൽ നിന്നു വ്യത്യസ്തമായി 'ചേല' ചുറ്റി കൂടയും പുറത്തു തൂക്കി മഴക്കാലം ആണെങ്കിൽ പ്ലാസ്റ്റിക് കുപ്പായവും ധരിച്ച് തൊഴിലാളി സ്ത്രീകൾ പണിക്കുപോകുന്ന കാഴ്ച വറവുങ്കൽ അമ്മിണി ഓർത്തെടുക്കുന്നു. മലയാളിസ്ത്രീകളാണെങ്കിൽക്കൂടി അവരും തമിഴ് തൊഴിലാളിസ്ത്രീകളെ പോലെ ചേല (സാരി) ചുറ്റിയായിരുന്നു പോയിരുന്നത്. തോട്ടത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ അന്നൊക്കെ തൊഴിലാളി സ്ത്രീകളുടെ വേഷം മുണ്ടും ബ്ലൗസുമാണ്. തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളുടെ ബാഹുല്യം തോട്ടം മേഖലയുടെ സാംസ്കാരികപ്രകൃതിയെ ശക്തമായി സ്വാധീനിച്ചിരുന്നതായി കാണാം.

**ആരാധനാരീതികൾ**

എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾ ടീ-എസ്റ്റേറ്റിൽ തൊഴിൽ ചെയ്തിരുന്നു. ഹിന്ദുക്കളുടെ ആരാധനാലയങ്ങളിൽ ഇന്നു നില കൊള്ളുന്നവ ഭൂരിഭാഗവും തമിഴ് രീതി പിന്തുടരുന്നവയാണ്. കറുപ്പുസ്വാമി കോവിൽ, മാരിയമ്മൻ കോവിൽ, പതാലിൽ ക്ഷേത്രം എന്നിവയിലെല്ലാം തമിഴ് ആരാധനാരീതിയുടെ തുടർച്ചയാണ് കാണാനാവുക. അവിടെ നിന്നുവന്ന ആദ്യകാലതൊഴിലാളികളിൽ ഭൂരിഭാഗവും ഹിന്ദുസമുദായങ്ങളിൽപ്പെട്ടവരായിരുന്നു. എസ്റ്റേറ്റിൽ വാസമുറപ്പിച്ചതിനുശേഷം ഇവരിൽ പലരും ക്രൈസ്തവസമുദായം സ്വീകരിക്കുകയും അതിന്റെ ആചാരരീതികൾ പിന്തുടരുകയും ചെയ്യുന്നു. "ലൂസിഫർ" സിനിമയിൽ ചിത്രീകരിക്കപ്പെട്ടതിനു ശേഷം ഏറെ പ്രസിദ്ധമായ സെന്റ് ആൻഡ്രൂസ് സി. എസ്. ഐ. ചർച്ച് പീരുമേട് ടീ എസ്റ്റേറ്റിനുള്ളിലാണ് സ്ഥിതിചെയ്യുന്നത്. ഇവിടുത്തെ ആദ്യകാലഘട്ടങ്ങളിലെ ആരാധനാരീതിയെക്കുറിച്ചുള്ള സത്യനേശൻ എന്ന തോട്ടം തൊഴിലാളിയുടെ പ്രതിപാദ്യം ഏറെ കൗതുകമുണർത്തുന്നതാണ്. 1952-ൽ ജെ. കെ. വിൽക്കി എന്ന ഇംഗ്ലീഷുകാരനാണ് ഈ പള്ളി പണികഴിപ്പിച്ചത്. അന്നേ കാലഘട്ടത്തിൽ ക്രിസ്തീയസമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഒന്നിടവിട്ട ആഴ്ചകളിൽ മാറിമാറി

ആരാധന അർപ്പിക്കാനുള്ള സമ്പ്രദായമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. തൊഴിലാളികൾക്ക് വേണ്ടി പണികഴിപ്പിച്ച പള്ളിയായിരുന്നു ഇത്. തങ്ങളുടെ എസ്റ്റേറ്റിൽ ജോലിയെടുക്കുന്ന ക്രൈസ്തവവിഭാഗങ്ങളെ ചിട്ടയായ ജീവിതക്രമത്തിലേക്ക് കൊണ്ടുവരുവാനുള്ള ശ്രമമായും മറ്റു സമുദായങ്ങളിൽനിന്നും ക്രൈസ്തവ സമുദായത്തിലേക്ക് ജ്ഞാനസ്നാനപ്പെട്ടവരെ ഒന്നുറപ്പിച്ചു നിർത്തുന്നതിനുള്ള മാർഗമായും ഈ ചർച്ചിന്റെ നിർമ്മാണത്തെയും പ്രാർത്ഥനാക്രമീകരണത്തെയും കാണേണ്ടിയിരിക്കുന്നു. എസ്റ്റേറ്റിലെ എല്ലാ തൊഴിലാളികൾക്കും സൗജന്യമായ ചികിത്സയാണ് എസ്റ്റേറ്റ് ഹോസ്പിറ്റലിൽ ലഭ്യമായിരുന്നത്. രണ്ടു തരത്തിലുള്ള ഹോസ്പിറ്റലുകളാണ് ഉണ്ടായിരുന്നത്. എസ്റ്റേറ്റ് ഡിസ്പെൻസറിയും ഗ്രൂപ്പ് ഹോസ്പിറ്റലും. എസ്റ്റേറ്റ് ഡിസ്പെൻസറിയിൽ കിടത്തിചികിത്സയില്ല പകരം തൊഴിലിടത്തിൽ ഉണ്ടാവുന്ന ചെറിയ അസുഖങ്ങൾക്കുള്ള ചികിത്സ നൽകി പറഞ്ഞുവിടുന്ന രീതി. എസ്റ്റേറ്റിലെ ഏറ്റവും പ്രമുഖവും ഗ്രൂപ്പ് ഹോസ്പിറ്റൽ എന്ന രീതിയിൽ പ്രശസ്തവുമായിട്ടുള്ളത് എസ്റ്റേറ്റ് ഹോസ്പിറ്റലാണ്. ഇന്നത്തെ പത്തേക്കർ/പുതുക്കട ഭാഗത്തായിട്ടാണ് ഈ ഹോസ്പിറ്റൽ നിലനിന്നിരുന്നത്. ഇവിടെ കിടത്തി ചികിത്സയും ഓരോ രോഗവിഭാഗത്തിനുള്ള പ്രത്യേക വാർഡുകളും സജ്ജീകരിച്ചിരുന്നു. വ്യത്യസ്തങ്ങളായ ചെറിയ കെട്ടിടങ്ങളായിട്ടാണ് ഇവ നിർമ്മിച്ചിരുന്നത്. കിടപ്പുരോഗികൾക്ക് എസ്റ്റേറ്റ് കാന്റീനിൽ നിന്നുള്ള ആഹാരവും സൗജന്യമായി നൽകിയിരുന്നു. ഒരു കിടപ്പുരോഗിക്ക് 1980 കാലയളവിൽ ഒരു ദിവസം 14 രൂപയാണ് ഹോസ്പിറ്റലിൽ നിന്ന് കാന്റീനിലേക്കു നൽകിയിരുന്നത്. ഇവിടെ പ്രസവത്തിനായുള്ള പ്രത്യേക വാർഡും സജ്ജമാക്കിയിട്ടുണ്ടായിരുന്നു. കുട്ടികളെ നോക്കാനുള്ള 'പുള്ളപ്പുര'യും ഇതിനോട് അനുബന്ധമായി ഉണ്ടായിരുന്നു. പ്രസവത്തിനു ശേഷം 45 ദിവസം അവധിയാണ് ആദ്യകാലഘട്ടങ്ങളിൽ സ്ത്രീകൾക്ക് അനുവദിച്ചിരുന്നതെങ്കിൽ പിന്നീട് പ്രസവത്തിനു മുൻപ് 45 ദിവസം കൂടി നൽകിക്കൊണ്ട് 90 ദിവസവും എല്ലാവിധ ആനുകൂല്യങ്ങളോടും കൂടി അവധി നൽകുന്ന സമ്പ്രദായവും നിലനിന്നിരുന്നു. പ്രസവം കഴിഞ്ഞതിനുശേഷം കുട്ടികളെ 'ക്രഷി' ൽ ഏൽപ്പിച്ച് ജോലിക്ക് പോകുവാനുള്ള സംവിധാനവും എസ്റ്റേറ്റിനുള്ളിൽ പ്രവർത്തി

ച്ചിരുന്നു. മെഡിക്കൽ പരിശോധനകൾക്ക് ശേഷമാണ് എസ്റ്റേറ്റിലെ വിവിധ ജോലികളിൽ ആളുകളെ പ്രവേശിപ്പിച്ചിരുന്നത് എന്നതും ശ്രദ്ധേയമാണ്.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറെ മാന്യവും അന്തസുറ്റതുമായ ഒരു തൊഴിൽ സംസ്കാരം കെട്ടിപ്പടുക്കാൻ ഏറെ സഹായകമായിരുന്നു എസ്റ്റേറ്റിലെ ജോലി. നിശ്ചിത ജോലി സമയത്തിന് ശേഷവും ജോലി ചെയ്തുകൊണ്ട് പുരുഷന്മാരെക്കാൾ അധിക വരുമാനം നേടാൻ ഉണ്ടായിരുന്ന സന്ദർഭം കൂടുതൽ ഉപയോഗപ്പെടുത്തിയിരുന്നത് സ്ത്രീ തൊഴിലാളികളാണ്. പുരുഷ തൊഴിലാളികൾ എസ്റ്റേറ്റിലെ തേയില ചെടികൾക്ക് വലിയ പമ്പുകളിൽ മരുന്ന് അടിക്കുന്ന ജോലിയിലാണ് വ്യാപൃതമായിരുന്നത്. രാവിലെ എട്ടുമണി മുതൽ ഒരു മണി വരെ ആയിരുന്നു ഇവരുടെ സമയം. സ്ത്രീ തൊഴിലാളികളുടെ ജോലി സമയം രാവിലെ എട്ടുമണിമുതൽ ഉച്ചയ്ക്ക് രണ്ടു മണിവരെയായിരുന്നെങ്കിലും താല്പര്യമുള്ളവർക്ക് ഉച്ചകഴിഞ്ഞും ജോലി ചെയ്യാം. ഈ വിധത്തിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പുരുഷന്മാർ ജോലിയിനത്തിൽ നേടുന്ന തുകയേക്കാൾ കൂടുതൽ നേടാൻ കഴിഞ്ഞു. എസ്റ്റേറ്റ് ലയങ്ങൾ <u>ത്തുത്തു</u>വാരുന്നതിനും ലയങ്ങളിൽ വളർത്തിയിരുന്ന പശുക്കളെ പോറ്റുന്നതിനും വെവ്വേറെ ജോലിക്കാർ ഉണ്ടായിരുന്നത് എസ്റ്റേറ്റിലെ താമസക്കാരായ സ്ത്രീകളുടെ പണിഭാരം കുറച്ചു. കുട്ടികളെ നോക്കുവാനുള്ള ക്രഷ് സംവിധാനവും ഏറെ ആശ്വാസകരമായിരുന്നു. എന്നാൽ ജോലിയിൽ കൃത്യത ഏറെ പാലിക്കേണ്ടിയിരുന്നതും സ്ത്രീകളാണ്. കൃത്യതയോടെ തേയില നുള്ളിയില്ലെങ്കിൽ വലിയ ശാസനകളും ഇവർക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. രണ്ടിലയും കുമ്പും എന്ന ക്രമത്തിലാണ് തേയില നുള്ളേണ്ടത്. എന്നാൽമാത്രമേ ഉണക്കിപ്പൊടിച്ചുകഴിയുമ്പോൾ ചായക്ക് നല്ല രുചിയും ഗുണവും ഉണ്ടാവുകയുള്ളു. ഈ രീതി കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് എസ്റ്റേറ്റ് മാനേജർമാർ സദാ നിരീക്ഷിച്ചിരുന്നു. ഈയൊരു ഉത്തരവാദിത്വം കൃത്യമായി നിർവഹിക്കേണ്ടിയിരുന്നത് സ്ത്രീകളാണ്. എങ്കിലും സാമ്പത്തികമായി വലിയ സുരക്ഷ എസ്റ്റേറ്റ് മേഖലയിൽ നിന്നവർക്ക് ലഭിച്ചിരുന്നു.

**ഭാഷ/ സംസ്കാരം– വിജ്ഞാനം/വിനോദം**

എസ്റ്റേറ്റിന്റെ പ്രാരംഭകാലത്ത് ഇവിടേക്കു കുടിയേറിയ തമിഴ് വിഭാഗം ജനത ഇന്നും എസ്റ്റേറ്റിന്റെ ഭാഗമായി അവിടെ ത്തന്നെ താമസിക്കുന്നു. കേരളത്തിന്റെ ഇതര പ്രദേശങ്ങളിൽ നിന്നും വന്നവരിൽ പലരും കുറേക്കൂടി മെച്ചപ്പെട്ട ജീവിത/ ഭൗതിക സാഹചര്യങ്ങളുള്ള ഇടങ്ങളിലേക്ക് മാറിത്താമസിച്ചു. ഇന്ന് എസ്റ്റേറ്റ് മേഖലയിൽ തമിഴ് ജനത കൂടുതലായതിനാൽ തമിഴിന്റെ അതിപ്രസരമുള്ള ഒരു ഭാഷയും സംസ്കാരവുമാണ് പ്ര കടമാകുന്നത്. ഇംഗ്ലീഷുകാരുടെ അധിനിവേശമുള്ള പ്രദേശമായ തിനാൽ അവരുടെയും തമിഴരുടെയും ചില ഭാഷാപ്രയോഗങ്ങ ളിവിടെ സ്ഥിരമായി. പാട്ടം, അണ, ബട്ലർ, ബംഗ്ലാവ്, കിച്ചൻ, മാനേജർ, സൈറൺ, ക്ലബ്ബുകൾ, ക്രഷ്, കങ്കാണി, അയ്യാ, അമ്മ, വാച്ചർ, ഫാക്ടറി, കമ്പനി തുടങ്ങിയ വാക്കുകൾ ഗ്രാമീണ ജനത യ്ക്ക് പരിചയത്തിലാവുന്നത് വിദേശികളുടെ തോട്ടം രൂപവൽക്ക രണത്തിന്റെ ഭാഗമായാണ്. ഇന്നും എസ്റ്റേറ്റിനുള്ളിൽ പടർന്നു പന്തലിച്ച് നിൽക്കുന്ന വിദേശയിനം വൃക്ഷങ്ങളും ചെടികളും ആ കൊളോണിയൽ വ്യവഹാരത്തിന്റെ ചിഹ്നങ്ങളാണ്. സ്പാത്തോ ടിയ, ഗുൽമോഹർ, ജക്കറാന്ത, മെലാസ്റ്റോമ, യൂക്കാലിപ്റ്റ്സ്, അവക്കാഡോ തുടങ്ങിയ വൃക്ഷങ്ങളെല്ലാം നട്ടു വളർത്തിയത് ഇം ഗ്ലീഷുകാരാണ്. ചുറ്റുഭാഗത്തുള്ള മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് എസ്റ്റേറ്റിനുള്ളിൽ വിദേശീയമായ ഒരു അന്തരീക്ഷം വിഭാവനം ചെയ്യാൻ എസ്റ്റേറ്റ് ഉടമസ്ഥരായ ഇംഗ്ലീഷുകാർക്ക് കഴിഞ്ഞു. എസ്റ്റേറ്റിലെ ബംഗ്ലാവുകളുടെ ഘടന ശ്രദ്ധിച്ചാൽ അധികാരത്തി ന്റെയും അധിനിവേശത്തിന്റേതുമായ മതിൽക്കെട്ടുകൾ നമുക്കവി ടെ കാണാം. എസ്റ്റേറ്റിന്റെ എല്ലാ ഭാഗങ്ങളിലേക്കും വീക്ഷണം എത്തുന്ന രീതിയിൽ ഏതെങ്കിലും കുന്നിൻ മുകളിൽ ആയിരി ക്കും എസ്റ്റേറ്റ് ബംഗ്ലാവുകൾ സ്ഥിതി ചെയ്യുന്നത്. മുതലാളിയുടെ ബംഗ്ലാവിൽ നിന്ന് കുറച്ചു മാറിയുള്ള മറ്റൊരു കുന്നിൽ ആയിരി ക്കും എസ്റ്റേറ്റ് മാനേജരുടെ ബംഗ്ലാവ് സ്ഥിതി ചെയ്യുന്നത്. യൂറോ പ്യൻ പ്രൗഢിയിൽ വാർത്തെടുത്തിരിക്കുന്ന വലിയ ഗ്ലാസുകൾ ഇട്ട വിശാലമായ ജനാലകളും ട്രയാങ്കിൾ രൂപത്തിലുള്ള ഹാള്, തണുപ്പുകാലത്ത് മുറികൾ ചൂടാക്കുവാൻ ഉപയോഗിക്കുന്ന നെ രിപ്പോട് സംവിധാനം, ടെറാക്കോട്ട ഓടുകൾ പാകിയ നിലം,

തേക്ക്, ഈട്ടി തുടങ്ങിയ തടികളിൽ തീർത്ത ഫർണിച്ചറുകൾ, യൂറോപ്പ്യൻ മാതൃകയിലെ സ്വിച്ചുകൾ, ബാത്ത് ടബ്ബ്, യൂറോപ്പ്യൻ ക്ലോസറ്റ് സ്ഥാപിച്ച ടോയ്‌ലറ്റുകൾ, വലിയ പുകക്കുഴലുകൾ സ്ഥാപിച്ച കിച്ചണുകൾ, തടിയിൽ തീർത്ത മച്ചുകൾ, ഇരു ഭാഗത്തും ചെടികൾ നട്ടുവളർത്തിയ വിശാലമായ പൂന്തോട്ടങ്ങളോടു കൂടിയ മുറ്റം ഇന്നും ആ പഴയ കാലത്തിന്റെ പ്രതാപത്തോടെ എസ്റ്റേറ്റ് മേഖലയിൽ അവശേഷിക്കുന്നു. കുതിരപ്പുറത്ത് എസ്റ്റേറ്റു ചുറ്റിനടന്നിരുന്ന ടെയ്‌ലർ സായിപ്പിനെ എസ്റ്റേറ്റിലെ തൊഴിലാളിയായിരുന്ന പെരുമാൾ ഓർക്കുന്നുണ്ട്. എസ്റ്റേറ്റ് ബംഗ്ലാവിലെ കുശിനിക്കാരൻ 'ബട്‌ലർ' എന്നാണറിയപ്പെട്ടിരുന്നത്.

എസ്റ്റേറ്റ് മേഖലയിൽ ആദ്യ കാലഘട്ടത്ത് ഉണ്ടായിരുന്നത് ചെറിയ രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു കുടിപ്പള്ളിക്കൂടം ആയിരുന്നു. പിന്നീടാണ് പുതുക്കടയിൽ ലോവർ പ്രൈമറി സ്കൂൾ വരുന്നത്. എസ്റ്റേറ്റ് ഹോസ്പിറ്റലിന്റെ താഴെ ഭാഗത്തായിട്ടായിരുന്നു ഈ സ്കൂൾ പ്രവർത്തിച്ചിരുന്നത്. അപ്പർ പ്രൈമറി സ്കൂൾ കാറ്റാടി കവലയിലാണ് ഉണ്ടായിരുന്നത്. ഹൈസ്കൂൾ പഠനത്തിനായി തമിഴ് വിഭാഗത്തിൽപ്പെട്ടവർ തമിഴ്നാട്ടിലേക്ക് പോകുന്ന പതിവും ഉണ്ടായിരുന്നു. ഇവിടെത്തന്നെ പഠിക്കുവാൻ ആഗ്രഹിച്ചിരുന്നവർ ഏലപ്പാറയിലാണ് ഹൈസ്കൂൾ പഠനത്തിനായി പോയിരുന്നത്. തോട്ടം തൊഴിലാളികളായ തമിഴരുടെ മക്കൾക്ക് തമിഴ്നാട്ടിൽ വിദ്യാഭ്യാസം സൗജന്യമായി ലഭിച്ചതിനാൽ തുടർപഠനത്തിനായി കൂടുതലാളുകളും തമിഴ്നാടിനെയാണ് ആശ്രയിച്ചത്. തോട്ടംമേഖലയിലെ കുട്ടികൾക്ക് ഉന്നതപഠനത്തിനായി തിരുവനന്തപുരത്തെ സർക്കാർ കോളേജുകളിലും ആനുകൂല്യങ്ങൾ ലഭിച്ചിരുന്നു. തോട്ടം മേഖലയിൽ നിന്ന് പഠിച്ച് ഉന്നതബിരുദങ്ങൾ നേടിയ ധാരാളം ആളുകൾ ഇന്നും വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്.

വിനോദത്തിനായി വിവിധയിനം കലാപരിപാടികൾ എസ്റ്റേറ്റിൽ വലിയ സ്റ്റേജുകൾ കെട്ടി നടത്തിയിരുന്നതായി പീരുമേട് ടീ കമ്പനിയുടെ ഇപ്പോഴത്തെ വാച്ചർ സെൽവരാജ് പറയുന്നു. ഇന്ന് 73 വയസ്സുള്ള അദ്ദേഹം തന്റെ പത്താം വയസ്സു മുതൽ എസ്റ്റേറ്റിലെ തൊഴിലാളി ആയിരുന്നു. തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് നാടകങ്ങൾ അവതരിപ്പിച്ചിരുന്നതായും

അദ്ദേഹം ഓർത്തെടുത്തു. വലിയ പന്തലുകൾ വലിച്ചുകെട്ടിയാണ് പരിപാടികൾ അരങ്ങേറിയിരുന്നത്. ഇത്തരം പരിപാടികളെ പ്രോത്സാഹിപ്പിക്കുന്നതിൽ സായിപ്പുമാർക്ക് വലിയ താല്പര്യമുണ്ടായിരുന്നതായും കാണാം. തൊഴിലാളികൾക്കു വേണ്ടിയുള്ള എസ്റ്റേറ്റ് ക്ലബ്ബിൽ വിവിധയിനം കളികളിൽ തൊഴിലാളികൾ പങ്കാളികളായിരുന്നു. വായിക്കുവാനുള്ള പുസ്തകങ്ങളും അവിടെ ഒരുക്കിയിരുന്നു. എസ്റ്റേറ്റ് മാനേജർമാർക്ക് വേണ്ടിയുള്ള മറ്റൊരു ക്ലബ്ബും പുതുക്കട സ്കൂളിന് അടുത്തായി പ്രവർത്തിച്ചിരുന്നു. അവിടെ പന്തു കളിക്കാനുള്ള വലിയ കോർട്ടുകളും മറ്റും സജ്ജീകരിച്ചിരിക്കുന്നത് ഇപ്പോഴും ഉണ്ട്. ക്യാരംസ് പോലുള്ള കളികളിൽ വളരെ തല്പരരായിരുന്ന സായിപ്പുമാരെക്കുറിച്ചും സെൽവരാജ് സൂചിപ്പിക്കുകയുണ്ടായി. അതിനായി ലോൺട്രി ഭാഗത്ത്, ഇപ്പോഴത്തെ പുതുക്കട ബസ്റ്റോപ്പിനോടടുത്ത് ക്രമീകരിച്ചിരുന്ന ക്ലബ്ബും പൊളിഞ്ഞു നാമാവശേഷമാകുന്നതായി കാണാം.

പീരുമേട് ടീ കമ്പനി ഒരു കാലഘട്ടത്തിൽ ഏറെ പ്രതാപത്തോടെ പ്രവർത്തിച്ചതിന്റെ തെളിവാണ് ഇന്ന് കമ്പനിയുടെ പരിസരത്തുകൂടി യാത്ര ചെയ്യുമ്പോൾ നാം കാണുന്ന ഫാക്ടറി സമുച്ചയം. ഇടിഞ്ഞു വീഴാറായി നിൽക്കുന്ന എസ്റ്റേറ്റ് ബംഗ്ലാവും തൊട്ടടുത്തായുള്ള മാനേജരുടെ ബംഗ്ലാവും ഇന്നു മൃഗങ്ങളുടെ വിഹാര കേന്ദ്രങ്ങളാണ്. എസ്റ്റേറ്റ് ഫാക്ടറിയിലെ ഉപകരണങ്ങളിൽ പലതും നാട്ടുകാർ പൊളിച്ചു വിൽക്കുകയും ഓഫീസിലെ കമ്പ്യൂട്ടറുകളും മറ്റും കൈക്കലാക്കുകയും ചെയ്തു. എസ്റ്റേറ്റിന്റെ സുവർണ്ണകാലഘട്ടത്തിൽ ലയങ്ങളിലേക്കുള്ള വെള്ളം, റേഷൻ മുതലായവ തൊഴിലാളികൾക്ക് സൗജന്യമായിരുന്നുവെങ്കിൽ കമ്പനിയുടെ പ്രവർത്തനം നിലച്ചതോടുകൂടി അത്തരം സർവീസുകളും മാനേജ്മെന്റ് റദ്ദു ചെയ്തു. എന്നാൽ തൊഴിലാളികൾക്ക് ഇന്നും എസ്റ്റേറ്റ് ലയങ്ങളിൽ താമസിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തേക്ക്, ഈട്ടി പോലുള്ള വലിയ മരങ്ങൾ എസ്റ്റേറ്റിൽ ധാരാളമായി ഉണ്ടായിരുന്നു. നാട്ടുകാരിൽ ചിലരുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ ഇന്നവയിൽ ഭൂരിഭാഗവും മുറിച്ചു കടത്തിയിരിക്കുന്നു. എസ്റ്റേറ്റിന്റെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ ജനങ്ങൾ എസ്റ്റേറ്റിലേക്ക് അതിക്രമിച്ച് കടക്കുകയും അവരുടെ കൃഷിയിടങ്ങളാക്കി മാറ്റുകയും ചെയ്തിരിക്കുന്നു. എസ്റ്റേ

റ്റ് പൂട്ടുന്ന സമയത്ത് മുതലാളിയും തൊഴിലാളി സംഘടനകളുമായുള്ള സംഘർഷത്തിൽ എസ്റ്റേറ്റിന് പുറത്തേക്ക് കൊണ്ടുപോകാനാവാതെ 250 ചാക്കോളം തേയിലപ്പൊടി കെട്ടുകൾ പീരുമേട് ടീ-കമ്പനിക്കുള്ളിൽ ഇപ്പോഴും ദ്രവിച്ചിരിക്കുന്നുണ്ടത്രേ. ചാക്കു കെട്ടുകൾ മാറ്റുന്നതു സംബന്ധിച്ച് മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിലുള്ള ചർച്ചകളിലൊന്നും സന്ധിയായില്ല. മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള സംഘർഷത്തിന്റെ തീവ്രത ഇതിൽ നിന്നു വ്യക്തമാണ്. എസ്റ്റേറ്റിലെ എല്ലാ വിഭാഗം ജനങ്ങളും എസ്റ്റേറ്റിന്റെ സുവർണ്ണ കാലഘട്ടത്തെക്കുറിച്ച് ഏറെ സന്തോഷത്തോടെയും അഭിമാനത്തോടെയുമാണ് വിവരങ്ങൾ പങ്കുവയ്ക്കുന്നത്.

തേയിലത്തോട്ടം പൂട്ടിയതോടെ മറ്റു ചില കാർഷിക മേഖലകളിലേക്ക് തോട്ടം തൊഴിലാളികൾ പ്രവേശിച്ചു. പെരിയാറിന്റെ തീരത്തുള്ള ഉപ്പുതറ പോലുള്ള പ്രദേശങ്ങൾ കുടിയേറ്റങ്ങൾ മൂലം നല്ലൊരു കാർഷിക മേഖലയായി വികസിച്ചു തുടങ്ങിയിരുന്നു. എസ്റ്റേറ്റിൽ നിന്നും ധാരാളം ആളുകൾ ഇവിടേക്ക് താമസിച്ചു. ഇന്നു എസ്റ്റേറ്റ് മേഖലയിലുള്ളവർ തൊഴിലിനായും ഇതര ഭൗതികാവശ്യങ്ങൾക്കായും ഉപ്പുതറയിലേയ്ക്കും ഏലപ്പാറയിലേയ്ക്കുമാണ് വരുന്നത്. കുരുമുളക്, കാപ്പി, ഏലം, കൊക്കോ, ഗ്രാമ്പൂ, ജാതി, ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ കൃഷി വിളകളും കപ്പ, ചേന, ചേമ്പ് തുടങ്ങിയ നടീൽ വസ്തുക്കളുമായി എസ്റ്റേറ്റിന്റെ പരിസരപ്രദേശങ്ങളിന്ന് വിപുലമായ കാർഷികസംസ്കാരത്തിന്റെ ഭാഗമാണ്. എസ്റ്റേറ്റ് ഹോസ്പിറ്റൽ പൂട്ടിയതിനു ശേഷം ഉപ്പുതറയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ് തോട്ടം തൊഴിലാളികൾ ആശ്രയിക്കുന്നത്. ഇന്ന് തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവർ അവരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതോടുകൂടി എസ്റ്റേറ്റിൽ നിന്നു ഒഴിഞ്ഞു പോകുവാനുള്ള സാഹചര്യങ്ങളാണ് നിലനിൽക്കുന്നത്. പ്രായമായ ഒരു തലമുറയെയാണ് എസ്റ്റേറ്റ് ലയങ്ങളിൽ നമുക്ക് കാണാനാവുക. തമിഴ് വിഭാഗങ്ങളിൽ പെട്ടവരുടെ മക്കളിൽ ഭൂരിഭാഗവും തമിഴ്നാട്ടിലാണ് പഠിക്കുന്നതും ജോലി ചെയ്യുന്നതും. അവരുടെ മക്കളെ വിവാഹം ചെയ്തു വിട്ടിരിക്കുന്നതും അങ്ങോട്ടേക്കാണ്. ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി നല്ല ജീവിത നിലവാരവും വരു

മാനവും ഉണ്ടായിരുന്ന ഒരു ജനവിഭാഗം പെട്ടെന്നൊരു ദിവസം അവരുടെ തൊഴിലിടത്തിലും സാമൂഹികയിടത്തിലും അപരവൽക്കരിക്കപ്പെടുക എന്ന പ്രക്രിയയ്ക്കാണ് തോട്ടം മേഖല സാക്ഷ്യമായിരിക്കുന്നത്. ഇപ്പോഴത്തെ ഉടമയായ ശ്രീരാമകൃഷ്ണ ശർമയുടെ  കാലയളവിൽ വരെ ഉണ്ടായ തൊഴിലാളി സംഘടനകളുടെ വളർച്ചയും വികാസവും, തോട്ടം മേഖലയെ സംബന്ധിച്ചിട്ടുള്ള നിയമങ്ങൾ, തോട്ടം തൊഴിലാളികൾക്ക് കൂലിയിനത്തിലും മറ്റും നൽകാതിരിക്കുന്ന വർദ്ധനവുകൾ, തേയില ചെടിയുടെ കാലപ്പഴക്കം മൂലം ഉത്പാദന മേഖലയിലുണ്ടായ കുറവ്, മാനേജ്മെന്റും തൊഴിലാളികളും തമ്മിലുണ്ടായിട്ടുള്ള നിരന്തര സംഘർഷങ്ങൾ തുടങ്ങിയവ കലാന്തരത്തിൽ ശക്തിപ്പെട്ടു. ഇനിയൊരു ഉദയം ഉണ്ടാവാനാവാത്ത വിധം പഴയ ഫാക്ടറിയും അതിനോടനുബന്ധമായി പ്രവർത്തിച്ച സംവിധാനങ്ങളും ഇടിഞ്ഞുവീണും ദ്രവിച്ചും കാലത്തിന്റെ ശേഷിപ്പുകളായി അവശേഷിക്കുന്നു.

**ഉപസംഹാരം**

അധിനിവേശചരിത്രത്തിന്റെയും  കുടിയേറ്റ/കുടിയിറക്കങ്ങളുടെയും സ്മരണികയെന്ന് ഈ കുടിയേറ്റത്തെ വിശേഷിപ്പിക്കാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടങ്ങളിൽ നടക്കുന്ന ദേശത്തുള്ള കുടിയേറ്റങ്ങൾക്ക് സമാനമായ പ്രക്രിയ തന്നെയാണ് ഇവിടെയും കാണാനാവുക. ജോലിതേടി കേരളത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് ജനങ്ങൾ സഞ്ചരിച്ച കാലഘട്ടം. ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ ഈ ഘട്ടത്തിൽ തമിഴ് ജനതയുടെ കുടിയേറ്റവും കാര്യമായി ഉണ്ടായിരുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പീരുമേട് എസ്റ്റേറ്റ് മേഖലകൾ കേന്ദ്രീകരിച്ചുള്ള കുടിയേറ്റങ്ങൾ. തൃപ്തികരമായ ഒരു സാമൂഹിക പശ്ചാത്തലത്തെ വിഭാവനം ചെയ്യുന്നതായിരുന്ന ഇത്തരം കുടിയേറ്റങ്ങളും അതുമായി ബന്ധപ്പെട്ട തൊഴിൽ സംസ്കാരങ്ങളും. പീരുമേട് ടി എസ്റ്റേറ്റിന്റെ പതനത്തിനു നിദാനമായത് മുതലാളിത്ത വ്യവസ്ഥിതിയും തൊഴിൽ സംഘടനകളും തമ്മിലുള്ള സമവായമില്ലായ്മയാണ്. എസ്റ്റേറ്റ് മേഖലയിൽ അടിക്കടി ഉണ്ടായ സമരങ്ങളും അതുമൂലം ഉണ്ടായ സാമ്പത്തിക നഷ്ടങ്ങളും വിഭവങ്ങളുടെ വിലത്തകർച്ചയും മറ്റു വ്യവസായ മേഖലകളുടെ

ഉദയവും മുതലാളിമാർക്ക് എസ്റ്റേറ്റ് മേഖലയിലുള്ള താൽപര്യം കുറഞ്ഞതും എസ്റ്റേറ്റ് മേഖലയുടെ നാശത്തിന് കാരണമായി. എസ്റ്റേറ്റ് തൊഴിലാളികളിൽ ഭൂരിഭാഗവും ഇന്ന് അവരുടെ സ്വദേശങ്ങളിലേക്ക് തിരികെ പോവുകയും മറ്റു തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്തു. ഇന്നും എസ്റ്റേറ്റ് ലയങ്ങളിൽ താമസിക്കുന്നവർ ഇവിടെ നിന്നും പൂർണമായും പടിയിറങ്ങിയാൽ കാലക്രമേണ തങ്ങൾക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ ഇല്ലാതാകുമെന്ന വിചാരത്തിൽ താമസ യോഗ്യമല്ലാത്ത ലയത്തിൽ അതിജീവിക്കാൻ ശ്രമിക്കുന്നു. ഇംഗ്ലീഷുകാരുടെ അധിനിവേശത്തിന്റെ ചരിത്രത്തിലെ നിർണായകമായ ഏടാണ് എസ്റ്റേറ്റ് മേഖല എന്നതിനാൽ എസ്റ്റേറ്റിന്റെ പതനവും എസ്റ്റേറ്റ് മേഖലയിൽ നടന്നിട്ടുള്ള കുടിയേറ്റ കുടിയിറക്കങ്ങളും കേരള ചരിത്രത്തിൽ നിർണായക സാക്ഷ്യങ്ങളാണ്.

**സഹായക ഗ്രന്ഥങ്ങൾ**

കാഞ്ചിയാർ രാജൻ, വി. ബി. രാജൻ, (എഡി.), 2000 *ഇടുക്കിയിലെ ഗോത്രകലകളും സംസ്കാരവും*, ഇടുക്കി ജില്ലാ പഞ്ചായത്ത്, ഇടുക്കി.

ദേവസ്യ, കെ. കെ., 2022 *അതിജീവനത്തിന്റെ നാൾ വഴികൾ പോരാട്ടപർവ്വം*, കറന്റ് ബുക്സ്, കോട്ടയം.

പ്രശാന്ത്, വി. കെ., 2014 'മർഫിയുടെ പാതകൾ'. *മഷിത്തണ്ട് മാസിക*, സെപ്റ്റംബർ 2014.

മനോജ് മാതിരപ്പള്ളി, 2017 *ഇടുക്കി- ദേശം ചരിത്രം സംസ്കാരം*, ജിയോ ബുക്സ്, കട്ടപ്പന.

രാമവർമ്മ വലിയ രാജ, പി. ആർ., 1988 *പൂഞ്ഞാർ രാജകുടുംബ ചരിത്രാവലോകനം,* കോയിക്കൽ ട്രസ്റ്റ്, പൂഞ്ഞാർ.

ശിവശങ്കരൻ നായർ, കെ., 2006 *പ്രാചീനകേരളം*, ഇന്ത്യ ബുക്സ്, തിരുവനന്തപുരം.

Lovatt, Heather and De Jong, Peter, 1993 *Above Heron's Pool*, British Association for Cemeteries in South Asia (BACSA), Britan.

**അനുബന്ധം. 1**

**ടീ-എസ്റ്റേറ്റ് മേഖലയിലെ തെരഞ്ഞെടുത്ത പദസഞ്ചിക**

വാരത്താള്- എസ്റ്റേറ്റിലെ താൽക്കാലിക ജീവനക്കാരായ തൊഴിലാളികൾ

വർഷത്താള്- എസ്റ്റേറ്റിലെ സ്ഥിരജോലിക്കാരായ തൊഴിലാളികൾ.

ഇവർക്കാണ് എല്ലാവിധ ആനുകൂല്യങ്ങളും ലഭിക്കുക.

അണ- ബ്രിട്ടീഷ് ഇന്ത്യയിലെ നാണയ വ്യവസ്ഥിതിയിൽ നിലവിൽ ഉണ്ടായിരുന്ന ഒരു നാണയമാണ് അണ. 16 അണയായിരുന്നു ഒരു ഉറുപ്പിക.

വീതം- ഫാക്ടറിയിൽ പണിയെടുത്തിരുന്ന തൊഴിലാളികളുടെ അധിക പണിക്ക് കമ്പനി കൊടുത്തിരുന്ന ലാഭവിഹിതമാണ് വീതം.

കങ്കാണി- എസ്റ്റേറ്റിൽ ജോലിക്കായി മറ്റ് ദേശങ്ങളിലുള്ളവരെ കൊണ്ടുവരുന്ന ആളും തോട്ടത്തിലെ ഒരു ഗ്രൂപ്പ് തൊഴിലാളികളുടെ മേൽനോട്ടക്കാരനും ആയിരുന്നു.

കൂട- തൊഴിലാളി സ്ത്രീകൾ തേയില നുള്ളി ഇട്ടിരുന്ന വലിയ കുട്ട.

ബട്‌ലർ- എസ്റ്റേറ്റ് ബംഗ്ലാവിലെ പാചക വിദഗ്ധൻ

അയ്യാ- എസ്റ്റേറ്റിലെ മാനേജരെ ബഹുമാന സൂചകമായി വിളിക്കുന്നത്. ആദ്യഘട്ടങ്ങളിൽ തമിഴ് മാനേജരെ മാത്രമാണ് അങ്ങനെ വിളിച്ചിരുന്നതെങ്കിൽ പിന്നീട് എല്ലാ മാനേജർമാരെയും ബഹുമാനസൂചകമായി "അയ്യാ" എന്ന് വിളിച്ചു. അയ്യായുടെ ഭാര്യയെ "അമ്മാ" എന്നും വിളിച്ചു വന്നിരുന്നു.

ലയം- തൊഴിലാളികൾ താമസിച്ചിരുന്ന വീടുകൾ ലയങ്ങൾ എന്ന് അറിയപ്പെട്ടിരുന്നു. മൂന്നോ നാലോ കുടുംബങ്ങൾക്ക് പാർക്കാവുന്ന രീതിയിലായിരുന്നു ലയങ്ങൾ പണികഴിപ്പിച്ചിരുന്നത്.

archanaak@cmscollege.ac.in